DESPATCHED On..22.1.2020

1/1/2020




# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in


ഹർജി നമ്പർ **AP. 879*(2)/2018*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. 3964/*എസ്.ഐ.സി–ജി 6/2018*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.തോമസു കുട്ടി.എം.റ്റി,**
**മണക്കുന്നേൽ,**
**കുരിശുംമൂട്. പി. ഒ.,**
**ചങ്ങനാശ്ശേരി**

} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
   **ധനകാര്യ വകുപ്പ്**
   **ഗവ. സെക്രട്ടറിയറ്റ്,**
   **തിരുവനന്തപുരം**

2. **അപ്പീൽ അധികാരി**
   **ധനകാര്യ വകുപ്പ്**
   **ഗവ. സെക്രട്ടറിയറ്റ്,**
   **തിരുവനന്തപുരം**

3. **അപ്പീൽ അധികാരി**
   **ഉന്നതവിദ്യാഭ്യാസ(എ) വകുപ്പ്**
   **ഗവ. സെക്രട്ടറിയറ്റ്,**
   **തിരുവനന്തപുരം**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.01.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16.02.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 06.03.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 24.03.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 06.04.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 17.04.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08.08.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 24.08.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 07.09.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 20.01.2018–ാം തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് യു.ജി. സി. ലൈബ്രേറിയൻ തസ്തികയുമായി ബന്ധപ്പെട്ട വിവരങ്ങളാണ്. ഇനം 1–ൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗുണകരമായ മാറ്റം വരുത്തുന്നതിനായി പ്രീഡിഗ്രി കോളേജു കളിൽ നിന്നും മാറ്റിയപ്പോൾ സാധാരണ കുട്ടികൾ പഠിക്കുന്ന രണ്ടു മേഖലകളിലെയും കുട്ടികൾക്ക് യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിന് വിരുദ്ധമായ തസ്തിക പുനർ നിർണ്ണയം വരു ന്നതിനാൽ കാലാനുസൃതമായി പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ബാധ്യത ഇല്ലാതെയാകുന്നുവെന്നും,ആയതിനാൽ സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള തസ്തിക പുനർനിർണ്ണയും നടത്തിയ രേഖ നൽകണമെന്നും, ഇനം 2–ൽ G.O.(MS) No.14/2006/H.Edu.dated TVM 19.01.2006 ൽ പുറപ്പെടുവിച്ച ഉത്തരവ് ഉൾപ്പെടുന്ന സൂചന 1,2,3,4,5,6 ഇവയുടെ പകർപ്പുകൾ, മേൽ ഉത്തരവ് പൂർണ്ണമായി പാലിച്ചാണ് ഇപ്പോൾ ടി തസ്തികനിലവിൽ നൽകിയിരിക്കുന്നതിന്റെ രേഖ നൽകണമെന്നും തുടങ്ങി 3 ചോദ്യങ്ങളും അവയുടെ ഉപചോദ്യങ്ങളുടെയും വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 16.02.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ധനകാര്യ വകുപ്പിൽ ലഭ്യമ ല്ലെന്നും ആയതിനാൽ ടി അപേക്ഷ ചട്ടം 6(3) പ്രകാരം എസ്.പി.ഐ.ഒ, ഉന്നതവിദ്യാ ഭ്യാസ(എ) വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും തുടർ കത്തിടപാടുകൾ ടി സെക്ഷനുമായി നടത്തേണ്ടതുമാണ് എന്നാണ്.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 06.03.2018 തീയതി അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടിയിൽ നിന്നും ടി അപേക്ഷ 6(3) പ്രകാരം എസ്.പി.ഐ.ഒ, ഉന്നതവിദ്യാഭ്യാസ(എ) വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും, ഉന്നതവിദ്യാഭ്യാസ (എ) വകുപ്പിൽ നിന്നും തന്ന മറുപടിയിൽ യു.ജി.സി ലൈബ്രേറി

യൻ തസ്തികയുമായി യാതൊരു ബന്ധവുമില്ലെന്നും അറിയിച്ചുവെന്നും, ആയതിനാൽ ക്രമനമ്പർ 2,5 ക്രമനമ്പർ 11,1 ൽ ആവശ്യപ്പെട്ട രേഖ, ക്രമനമ്പർ 6 ഇവയുടെ വിവരങ്ങൾ, രേഖകൾ നൽകണമെന്നുമാണ്.

5. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 24.03.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ കൂടുതലായി യാതൊന്നും നൽകാനില്ലെന്നും 6(3) പ്രകാരം എസ്.പി.ഐ.ഒ, ഉന്നതവിദ്യാഭ്യാസ(എ) വകുപ്പിന് കൈമാറിയിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച് തുടർ കത്തിടപാടുകൾ ടി വകുപ്പുമായി നടത്തേണ്ടതാണെന്നുമാണ്.

6. 13.11.2018 ൽ അപ്പീൽ അധികാരി ധനകാര്യ വകുപ്പ് നൽകിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ധനകാര്യ വകുപ്പിൽ ലഭ്യമല്ലെന്നും ആയതിനാൽ ടി അപേക്ഷ ചട്ടം 6(3) പ്രകാരം എസ്.പി.ഐ.ഒ, ഉന്നതവിദ്യാഭ്യാസ(എ) വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും തുടർ കത്തിടപാടുകൾ ടി സെക്ഷനുമായി നടത്തേണ്ടതുമാണ് എന്നു കാണിച്ച് ടിയാന് മറുപടി നൽകിയെന്നും, ടി മറുപടിയിൽ തൃപ്തനാകാതെ ഹർജിക്കാരൻ അപ്പീൽ നല്കിയെന്നും ആയതിന്റെ പകർപ്പും, വിവരാവകാശകമ്മീഷനിൽ നിന്നും 26.10.2018 ൽ ലഭിച്ച കത്തും ഉന്നതവിദ്യാഭ്യാസ(എ) വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും ആയതിന്റെ പകർപ്പുകൾ സമർപ്പിക്കുന്നുവെന്നുമാണ്.

7. 22.08.2019 തീയതി അപ്പീൽ അധികാരി, ഉന്നതവിദ്യാഭ്യാസ വകുപ്പ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 20.01.2018 ൽ സമർപ്പിച്ച അപേക്ഷ 6(3) പ്രകാരം എസ്.പി.ഐ.ഒ, ഉന്നതവിദ്യാഭ്യാസ(എ) വകുപ്പിന് കൈമാറി കിട്ടിയെന്നും, പകർപ്പ് നൽകുന്നതിന് 24 രൂപ അടയ്ക്കാൻ നർദ്ദേശം നൽകിയെങ്കിലും, ടിയാൻ തുക ഒടുക്കിയില്ലെന്നും, 20.03.2018 ന് ടിയാൻ അപ്പീൽ അപേക്ഷ നൽകിയെന്നും ആയതിനും നിശ്ചിത തുക അടച്ചു പകർപ്പ് കൈപ്പറ്റാൻ നിർദ്ദേശം നൽകിയെങ്കിലും, ടിയാൻ തുക ഒടുക്കിയില്ലെന്നും, ഹർജിക്കാരനെ നേരിട്ട് കേൾക്കാനായി അപ്പീൽ അധികാരി ഹാജരാകാൻ കത്ത് നൽകിയെങ്കിലും ഹിയറിംങ്ങിന് ഹാജരായില്ലെന്നും, ടിയാൻ വിവരാവകാശ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ നൽകുകയും 22.01.2019 ന് ഹിയറിംങ്ങിന് ഹാജരാകാൻ ആവശ്യപ്പെട്ടെങ്കിലും, എസ്.പി.ഐ.ഒ ഹാജരാകുകയും, ഹർജിക്കാരൻ ഹിയറിംങ്ങിന് ഹാജരായില്ലെന്നും, ഹർജിക്കാരൻ ആവശ്യപ്പെടുന്ന പല കാര്യങ്ങളും ശേഖരിച്ചും, വ്യാഖ്യാനിച്ചും, ക്രോഡീകരിച്ചും നൽകേണ്ടതിനാലും ഹർജിക്കാരൻ ഹിയറിംങ്ങിന് ഹാജരായി തന്റെ യഥാർത്ഥ ആവശ്യം എന്താണെന്ന് വ്യക്തമാക്കാത്തതു കാരണം ബുദ്ധിമുട്ട് ഉണ്ടാവുന്നതായും വിവരാവകാശ നിയമപ്രകാരം ടി വകുപ്പുമായി ബന്ധപ്പെട്ടവയൊക്കെയും യഥാവിധി അനുവർത്തിച്ചിട്ടുണ്ടെന്നുമാണ്.

8. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെയും ഹാജരായ എസ്.പി.ഐ.ഒ. യുടെ മൊഴിയുടെ അടിസ്ഥാനത്തിലും, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേ ദിവസം 2020 ജനുവരി 1-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)